# സ്വർഗ്ഗാരോപിതമാതാ ദൈവാലയം

## മരിയനാട്



# വചനധ്വനി

### 2025 മെയ് കുടുംബ കൂട്ടായ്മകളിൽ ഉപയോഗിക്കേണ്ട യോഗക്രമം.

**ഒരുക്കം** :യോഗം കൂടുന്ന വീട് നന്നായി ഒരുക്കിയിരിക്കണം. യോഗം കൂടുന്ന ഹാളിന്റെ നടുക്ക് ബൈബിൾ ഒരുക്കിവയ്ക്കണം. യോഗം നടക്കുന്ന വീട്ടുകാർ യൂണിറ്റിലെ എല്ലാവരെയും യോഗം അറിയിക്കണം. യോഗത്തിൽ പങ്കെടുക്കുന്നവർ ബൈബിൾ നിർബന്ധമായും കൊണ്ടുവരണം. എല്ലാവരും ബൈബിളിന ചുറ്റും വട്ടത്തിൽ ഇരിക്കണം.

1. **പരിശുദ്ധാത്മാവിന്റെ ഗാനം :** ഗാനം ആലപിക്കുമ്പോൾ തന്നെ അംഗങ്ങൾ ബൈബിൾ വന്ദനം ചെയ്യണം.
2. **സ്വാഗതം :** കുടുംബനാഥൻ/കുടുംബനാഥ, എല്ലാവരെയും സ്വാഗതം ചെയ്യണം.
3. **ആമുഖം :**

പ്രിയപ്പെട്ടവരേ, നാം വേദപാഠക്ലാസ്സുകളിൽ ഇപ്രകാരം പഠിച്ചിട്ടുണ്ട് അദൃശ്യമായ പ്രസാദവരം നമുക്ക് നൽകപ്പെടുവാൻ നമ്മുടെ കർത്താവ് ഈശോമിശിഹാ സ്ഥാപിച്ച ദൃശ്യമായ അടയാളങ്ങളാണ് കൂദാശകൾ. എല്ലാ കൂദാശകളും വിശുദ്ധീകരണ കർമ്മങ്ങൾക്ക് വേണ്ടിയുള്ളതാണ്. കൂദാശ സ്വീകരണത്തിലൂടെ നിരവധിയായ പ്രസാദവരങ്ങളാണ് നൽകപ്പെടുന്നത്. ഒരു വലിയ യാത്രകപ്പലിൽ ധാരാളം ചെറിയ ലൈഫ് ബോട്ടുകൾ ഉള്ളതുപോലെ നമ്മുടെ ആത്മാക്കളുടെ നാശത്തിൽ നിന്ന് നമ്മെ രക്ഷിക്കുന്ന ജീവരക്ഷക ഉപകരണങ്ങളാണ് കൂദാശകൾ. ശരിയായ ഒരുക്കത്തോടുള്ള കൂദാശ സ്വീകരണം നമ്മെ നിത്യനാശത്തിൽ നിന്ന് രക്ഷിക്കുകയും നിത്യജീവനിലേക്ക് നയിക്കുകയും ചെയ്യുന്നു. കൂദാശകളുടെ കൂദാശ എന്നറിയപ്പെടുന്നത് പരിശുദ്ധ കുർബാനയാണ്. ഓരോ ദിവ്യബലിയിലൂടെയും യേശുവിന്റെ തിരുശരീരവും തിരുരക്തവുമാണ് നമ്മൾ

സ്വീകരിക്കുന്നത്. യേശുവിന്റെ സാന്നിധ്യത്താൽ നിറയപ്പെടുകയും ; ക്രിസ്തുവിനെ വഹിക്കുന്നവരുമായി തീരുകയും ചെയ്യുന്നു.

അന്ധകാരം നിറഞ്ഞൊരു ജീവിതത്തിൽ ക്രിസ്തു വെളിച്ചം കൂടാതെ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കില്ല.സമ്പത്ത്, പഠനം, സുഖാനുഭവങ്ങൾ എന്നിവ ഉണ്ടെങ്കിലും കുറച്ചു മുന്നോട്ട് പോകുമ്പോൾ നാം ആന്തരികദുഃഖത്താൽ അഥവാ സന്തോഷമില്ലായ്മയാൽ വലയും. അതിന് കാരണം ഉള്ളിലുള്ള ക്രിസ്തുവെളിച്ചം അണഞ്ഞു പോകുന്നതു കൊണ്ടാണ്. കൂദാശകൾ ക്രിസ്തുവെളിച്ചത്തിൽ ആയിരിക്കാൻ നമ്മെ സഹായിക്കുന്നു. ഈ യോഗത്തിൽ കൂദാശകളുടെ സ്വീകരണത്തെക്കുറിച്ച് നമുക്ക് വിചിന്തനം നടത്താം.

**യേശുവിനെ ക്ഷണിക്കൽ :-**

**ലീഡർ : ''എന്റെ നാമത്തിൽ നിങ്ങൾ ഒന്നിച്ച് കൂടുമ്പോൾ നിങ്ങളുടെ മദ്ധ്യേ ഞാനുണ്ടാകും''** എന്ന് നമുക്ക് വാഗ്ദാനമരുളിയ കർത്താവിന്റെ സാന്നിദ്ധ്യം നമുക്ക് അനുസ്മരിക്കാം.

4. **വിശ്വാസപ്രമാണം***(എല്ലാവരും ഒരുമിച്ചു ചൊല്ലുന്നു)*

**ലീഡർ :** നമുക്ക് ഓരോരുത്തർക്കും ചുരുങ്ങിയ വാക്കുകളിൽ ഈശോയെ നമ്മുടെ മദ്ധ്യേ ക്ഷണിക്കാം. (5 പേർ യേശുവിനെ ക്ഷണിച്ചുള്ള പ്രാർത്ഥനകൾ ചൊല്ലുന്നു – മറ്റുള്ളവർ മറുപടിയായ് ''**യേശുവേ ഞങ്ങളുടെ മദ്ധ്യേ കടന്നു വരേണമേ**''എന്ന് പറയുന്നു.)

5. **സങ്കീർത്തനം : 41**

എല്ലാവരും ബൈബിൾ തുറന്ന് വായിച്ച് പ്രാർത്ഥിക്കുന്നു.

*(ലീഡർ ഒരു വാക്യം വായിക്കുമ്പോൾ മറ്റുള്ളവർ അടുത്ത വാക്യം വായിക്കുന്നു.)*

6. **വചനഗീതി**

7. **വചനപാരായണം : വി.യോഹ 20 : 1923 & വി.മത്തായി 28:1620**

8. **വചനവിചിന്തനം :-**

പ്രിയപ്പെട്ടവരേ, എന്താണ് കൂദാശകൾ? സാക്രമെന്തും എന്ന ലത്തീൻ പദത്തിൽ നിന്നാണ് സാക്രമെന്റ് കൂദാശകൾ എന്ന പദം വരുന്നത്. സാക്രമെന്തും എന്നു പറഞ്ഞാൽ വിശുദ്ധമായത് എന്നാണ് അർത്ഥം. യുദ്ധത്തിലായിരിക്കുന്നവർ തമ്മിൽ സൗഖ്യം പ്രാപിക്കാൻ നടത്തുന്ന സൈനികശപഥമെന്നും ഈ ലത്തീൻ വാക്കിന് അർത്ഥമുണ്ട്. രഹസ്യമെന്നർത്ഥമുള്ള ഗ്രീക്കു ഭാഷാപദത്തിന്റെ വിവർത്തനമായി സാക്രമെന്തും എന്ന ലത്തീൻ വാക്ക് ഉപയോഗിച്ചു വരുന്നു. ക്രിസ്തു സ്ഥാപിച്ച അദൃശ്യയാഥാർത്ഥ്യത്തിന്റെ വിശുദ്ധമായ അടയാളങ്ങളാണ് കൂദാശകൾ. അവയിലൂടെ

ക്രിസ്ത്യാനികൾക്ക് ദൈവത്തിന്റെ സുഖപ്പെടുത്തുന്നതും ക്ഷമിക്കുന്നതും പോഷിപ്പിക്കുന്നതും ശക്തിപ്പെടുത്തുന്നതു മായ സാന്നിധ്യം അനുഭവിക്കാം. ആ സാന്നിധ്യം തിരിച്ചു സ്നേഹിക്കാൻ അവരെ ശക്തരാക്കുന്നു. ദൈവത്തിന്റെ കൃപാവരം കൂദാശകളിൽ പ്രവർത്തിക്കുന്നതു കൊണ്ടാണ് അതു സാധ്യമാകുന്നത്.

നമ്മുടെ നിസ്സാര ജീവിതത്തിന അപ്പുറത്തേക്കു വളരാനും യേശുവിനെപ്പോലെയാകാനും സ്വാതന്ത്ര്യത്തിലും മഹത്ത്വത്തിലും

ദൈവമക്കളുമാകാനും നമുക്ക് കൂദാശകൾ ആവശ്യമാണ്. നിപതിച്ച മനുഷ്യമക്കൾ മാമ്മോദീസയിൽ ദൈവത്തിന്റെ വത്സല മക്കളായി മാറുന്നു. സ്ഥൈര്യലേപനത്തിലൂടെ ദുർബലർ ശക്തിയും സമർപ്പണ ബുദ്ധിയുമുള്ള ക്രിസ്ത്യാനികളായിത്തീരുന്നു. പ്രായശ്ചിത്തകൂദാശയിലൂടെ കുറ്റക്കാർ അനുരഞ്ജിതരാകുന്നു, വിശുദ്ധ കുർബാനയിലൂടെ വിശക്കുന്നവർ മറ്റുള്ളവർക്ക് അപ്പമായിത്തീരുന്നു. വ്യക്തിത്വവാദികളായവർ വിവാഹത്തിലൂടെയും തിരുപ്പട്ടത്തിലൂടെയും സ്നേഹത്തിന്റെ ദാസരായി മാറുന്നു. നിരാശരായവർ രോഗിലേപനത്തിലൂടെ ആത്മധൈര്യമുള്ളവരായിത്തീരുന്നു. കൂദാശകളിലെല്ലാം കൂദാശയായിരിക്കുന്നത് ക്രിസ്തുതന്നെയാണ്. സ്വാർത്ഥതയിൽ നഷ്ടപ്പെട്ടിരിക്കുന്ന മനുഷ്യരായ നമ്മൾ അവസാനമില്ലാത്ത യഥാർത്ഥ ജീവിതത്തിലേക്ക് ക്രിസ്തുവിൽ വളരുകയും പക്വത പ്രാപിക്കുകയും ചെയ്യുന്നു.

പ്രിയപ്പെട്ടവരേ, കൂദാശകൾ യേശു സ്ഥാപിച്ചതും സഭ വിശ്വാസ്തതയോടെ കൈകാര്യം ചെയ്യുന്നതുമായ ദൈവത്തിന്റെ ദാനങ്ങളാണ്. ഇന്ന് നാം വായിച്ച സുവിശേഷ ഭാഗത്ത് യേശു ജ്ഞാനസ്നാനവും, കുമ്പസാരവും സ്ഥാപിക്കുന്നതാണ് നാം വായിച്ച് കേട്ടത്. കൂദാശകൾ മാജിക്കല്ല. ഒരു കൂദാശ ഫലദായകമായിരിക്കുന്നത് ഒരുവൻ അതു ഗ്രഹിക്കുകയും വിശ്വാസത്തിൽ സ്വീകരിക്കുകയും ചെയ്യുമ്പോൾ മാത്രമാണ്. കൂദാശകൾ മുൻ വ്യവസ്ഥയായി വിശ്വാസം ആവശ്യപ്പെടുക മാത്രമല്ല ചെയ്യുന്നത്. അത് വിശ്വാസം ശക്തിപ്പെടുത്തുകയും അതിനു പ്രകാശനം നൽകുകയും കൂടി ചെയ്യുന്നുണ്ട്. പ്രിയപ്പെട്ടവരേ, എത്രമാത്രം ഒരുക്കത്തോടും വിശ്വാസത്തോടുമാണ് നാം കൂദാശകൾ സ്വീകരിക്കുന്നത് എന്ന് ആത്മാപരിശോധന ചെയ്യണം. ആദ്യകുർബാന, സ്ഥൈര്യലേപനവും നമ്മുടെ കുട്ടികൾക്ക് നൽകുമ്പോൾ എത്രമാത്രം ആത്മാർത്ഥതയോടെയാണ് നാം ആ കുട്ടികളെ ഒരുക്കുന്നത്. ശരിയായ ബോധ്യം നൽകാതെ ഒരുചടങ്ങായി മാത്രം കൂദാശകളെ കാണുന്നവരുണ്ട്. ആർഭാടം നടത്തി പണപിരിവ് നടത്തുന്നവരുമുണ്ട് . കുട്ടികളുടെ ആത്മീയ വളർച്ചയെക്കാൾ മറ്റ് പല

കാര്യങ്ങൾക്കും പ്രാധന്യം നൽകുന്ന രീതി ശരിയല്ല. എന്നാൽ ചില മാതാപിതാക്കളുണ്ട് മക്കൾ ദൈവീക ജീവൻ ലഭിക്കണം എന്ന ഒറ്റ ചിന്തയാൽ ആത്മാർത്ഥമായി കുട്ടികളെ ഒരുക്കുകയും, സ്വമാതൃകകൾ കുട്ടികൾക്ക് കാണിച്ചുകൊടുത്ത് അവരെ ശരിയായ ശിക്ഷണത്തിൽ വളർത്തുന്നവർ. അവർ സുവിശേഷ പ്രഘോഷകരാണ്. വിശ്വാസം മക്കൾക്ക് പകർന്നു കൊടുക്കുക മാത്രമല്ല; വിശ്വാസ വളർച്ചയ്ക്കു അവർ നിരന്തരം പ്രാധാന്യം നൽകുന്നു.നമ്മളിൽ ഭൂരിഭാഗം പേരും ചില കുട്ടികളുടെ ജ്ഞാനമാതാപിതാക്കൾ ആയവരാണ്. ജ്ഞാനമാതാപിതാക്കളുടെ ഉത്തരവാദിത്വം കൂടെയാണ് ആ കുട്ടികൾ ക്രൈസ്തവ വിശ്വാസത്തിൽ വളരുന്നുണ്ട് എന്ന് ഉറപ്പാക്കുവാൻ. ദൈവസന്നിധിയിൽ നൽകുന്ന വാഗ്ദാനങ്ങൾ നിറവേറ്റാൻ നാം കൂടുതൽ

ശ്രദ്ധാലുക്കളാകണം. കൂദാശകളെ ശരിയായി മനസ്സിലാക്കി;വിശ്വാസത്തോടെ അവയെ സമീപിക്കാൻ നമുക്ക് പരിശ്രമിക്കാം.

### ദൗത്യം ഏറ്റെടുക്കൽ

1. ഓരോ യൂണിറ്റുകാരും 10,+2 ജയിച്ച യൂണിറ്റിലെ കുട്ടികളെ ആദരിക്കുക. +2 കഴിഞ്ഞ കുട്ടികൾ തുടർ പഠനം നടത്തുന്നുണ്ട് എന്ന് ഉറപ്പാക്കുക.
2. കൂദാശകൾ ശരിയായ സ്വീകരിക്കാൻ കുട്ടികൾക്ക് ബോധ്യം നൽകുക.
3. പാവപ്പെട്ട കുട്ടികളെ പഠിക്കാൻ സഹായിക്കുക. സാമ്പത്തിക സഹായം രഹസ്യസ്വഭാവമുള്ളതായിരിക്കണം.
4. യൂണിറ്റിലെ എല്ലാ കുട്ടികളും മതബോധന ക്ലാസിൽ കൃത്യമായി പോകുന്നുണ്ട് എന്ന് ഉറപ്പു വരുത്തുക.

**9. റിപ്പോർട്ട്**

**10. ഹാജർ**

**11. അടുത്ത യോഗം നിശ്ചയിക്കുക**

**12. ചർച്ച**

**13. കുടുംബയൂണിറ്റ് പ്രതിഷ്ഠാ പ്രാർത്ഥന :**

*(ലീഡർ ചൊല്ലിക്കൊടുക്കുന്നു, മറ്റുള്ളവർ അത് ഏറ്റു പറയുന്നു)*

കാരുണ്യവാനായ പിതാവേ, ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു, ആരാധിക്കുന്നു, മഹത്വപ്പെടുത്തുന്നു. അങ്ങ് ഞങ്ങളിൽ ചൊരിഞ്ഞ അനുഗ്രഹങ്ങളെ ഓർത്ത് ഞങ്ങൾ നന്ദി പറയുന്നു. ദൈവത്തെയും, മനുഷ്യരെയും സ്നേഹിക്കുക എന്നതാണ് ഞങ്ങളുടെ കടമയെന്ന് ഏറ്റു പറയുന്നു. ദൈവീക സ്നേഹം അനുഭവിക്കാനും, ആ സ്നേഹത്തിൽ എന്നും നിലനിൽക്കാനും, ആ സ്നേഹം സഹോദരങ്ങൾക്ക് പകർന്ന് നൽകാനും ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങളുടെ സ്വാർത്ഥതകൾ വെടിഞ്ഞ്, ഹൃദയവിശാലതയും, പരസ്നേഹവും അഭ്യസിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അയൽ ബന്ധങ്ങൾ ശക്തിപ്പെടുത്താനും, ആവശ്യക്കാരെ സഹായിക്കാനും, രോഗികളെ ശുശ്രൂഷിക്കാനും, തെറ്റുകൾ ക്ഷമിക്കുവാനുമുള്ള കൃപ ഞങ്ങൾക്ക് നൽകണമേ.

ദൈവവചനം മനസ്സിലാക്കാനും, ദൈവവിശ്വാസത്തിൽ ശക്തിപ്പെടാനും, പരിശുദ്ധാത്മാവിന്റെ വരദാനങ്ങളിൽ ജീവിക്കുവാനും ഞങ്ങളെ പഠിപ്പിക്കണമേ.

ദൈവമാതാവായ പരിശുദ്ധ കന്യകാമറിയമേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

വിശുദ്ധ യൗസേപ്പിതാവേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

സകല മാലാഖമാരേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

വിശുദ്ധ അന്തോനീസേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

ഞങ്ങളുടെ കുടുംബയൂണിറ്റിന്റെ മദ്ധ്യസ്ഥനായ.... : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

സകല വിശുദ്ധരേ :**ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

**14. മദ്ധ്യസ്ഥ പ്രാർത്ഥന**

**ലീഡർ : നമ്മുടെ കർത്താവും നാഥനുമായ യേശുക്രിസ്തുവിനോട് നമ്മുടെ വിവിധ ആവശ്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാം.**

**സ്വയം പ്രേരിത പ്രാർത്ഥന (പങ്കെടുക്കുന്നവർ പറയുന്നു.)**

**കുടുംബയോഗം നടന്ന ഭവനത്തിന് വേണ്ടി ലീഡർ പ്രാർത്ഥിക്കുന്നു.**

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........

നന്മ നിറഞ്ഞ മറിയമേ..........

**15. ഭാരവാഹികളിൽ ഒരാൾ എല്ലാവർക്കും നന്ദി പറയുന്നു.**

**16. സമാപന ഗാനം**